"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - M/s ഒയാസിസ് കോമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട് - എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിയ്ക്കുന്നതിന് പ്രാരംഭ അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.45/2025/TAXES തീയതി,തിരുവനന്തപുരം, 16-01-2025

---

പരാമർശം:- എക്സൈസ് കമ്മീഷണറുടെ 06.02.2024- ലെ EXC/6389/2023-XC3നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി 600 കോടി രൂപ മുതൽ മുടക്കി 500 KL പ്രൊഡക്ഷൻ കപ്പാസിറ്റിയുള്ള എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ഉൾപ്പെട്ട സംയോജിത യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി M/s. ഒയാസിസ് കോമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച അപേക്ഷ, പ്രസ്തുത പദ്ധതിക്ക് പ്രാരംഭ അനുമതി നല്കുന്നതിന് ശുപാർശ ചെയ്ത് , പരാമർശത്തിലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. **ഒന്നാം ഘട്ടമായി** ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ് (3 Automatic & 3 Semi Automatic Lines with 8 lakh Blending Capacity & 16 lakh ENA Storage Capacity), **രണ്ടാം ഘട്ടമായി** എഥനോൾ/ഇ.എൻ.എ നിർമ്മാണ യൂണിറ്റ് (500 KLPD, Power generation through Turbine, DDGS & CO2), **മൂന്നാം ഘട്ടമായി** മാൾട്ട് സ്പിരിറ്റ്/ബ്രാണ്ടി/വൈനറി പ്ലാന്റ് (3 KLPD each), **നാലാം ഘട്ടമായി** ബ്രൂവറി (1 Million HLPA) എന്നിങ്ങനെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

3. അരി (ഉപയോഗ ശൂന്യമായത് ഉൾപ്പെടെ), ചോളം, വെജിറ്റബിൾ വേസ്റ്റ്, മരച്ചീനി സ്റ്റാർച്ച്, ഗോതമ്പ്, മധുരകിഴങ്ങ് എന്നീ കാർഷിക വിളകൾ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ച് വർഷത്തിൽ 330 ദിവസവും പ്രവർത്തിക്കാൻ സാധിക്കുന്ന തരത്തിലുള്ള മൾട്ടി ഫീഡ് പ്ലാന്റ് ആണ് M/s. ഒയാസിസ് കോമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്നും, സ്ഥാപനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ അത് കേരളത്തിലെ കാർഷിക മേഖലയ്ക്ക് സഹായകരമാകുമെന്നും, കഞ്ചിക്കോട് വ്യവസായ മേഖലയോട് ചേർന്ന് 24 ഏക്കർ ഭൂമി സ്ഥാപനത്തിന്റെ കൈവശമുണ്ടെന്നും, നിർദ്ദിഷ്ട എഥനോൾ/ഇ.എൻ.എ. ഡിസ്റ്റിലേഷൻ യൂണിറ്റ് സീറോ ഡിസ്ചാർജ് സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ളതാണെന്നും, പരിസ്ഥിതി മന്ത്രാലയം അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കുമെന്നും, ഈ പ്രോജക്ടിന് ആവശ്യമായ ജലം നൽകുന്നതിന് കേരള

വാട്ടർ അതോറിറ്റി അനുമതി നല്കിയിട്ടുണ്ടെന്നും, നിലവിലെ നിയമപ്രകാരം Rain Water Harvesting നടത്തി മഴവെള്ളം സംഭരിക്കാനുള്ള പദ്ധതിയും കമ്പനി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ജലത്തിന്റെ ചൂഷണം പൂർണ്ണമായി ഒഴിവാക്കാൻ സാധിയ്ക്കുമെന്നും, ഈ രീതിയിലുള്ള മൾട്ടിഫീഡ് പ്രോജക്ട് തെക്കേ ഇന്ത്യയിലെ ആദ്യത്തെ സംരംഭമാണെന്നും, കേന്ദ്ര-സർക്കാരിന്റെ കീഴിലുള്ള ഓയിൽ കമ്പനികൾ വിളിച്ച ടെൻഡറിൽ എഥനോൾ ഉത്പാദനത്തിന് പരിചയ സമ്പന്നരായ സംരംഭകരുടെ ലിസ്റ്റിൽ M/s. ഒയാസിസ് കോമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് മാത്രമാണ് ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുള്ളതെന്നും, ഇത് പോലുള്ള പ്രൊജക്ട് ഹരിയാന, പഞ്ചാബ്, രാജസ്ഥാൻ, മധ്യപ്രദേശ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ കഴിഞ്ഞ 20 വർഷമായി നടത്തി വിജയിപ്പിച്ച പരിചയ സമ്പന്നത, സാങ്കേതിക പ്രാവീണ്യം എന്നിവ കൊണ്ടാണ് ഒയാസിസ് ഗ്രൂപ്പിനെ ഓയിൽ കമ്പനികൾ കേരളത്തിലേക്ക് ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുള്ളതെന്നും, ടി സ്ഥാപനം പാലക്കാട് ജില്ലയിൽ സ്ഥാപിക്കുകയാണെങ്കിൽ അത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനും കാരണമാകുമെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് മദ്യ ഉൽപ്പാദനത്തിന് ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ (ENA) കേരളത്തിൽത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുമെന്നും അതിന് തയ്യാറാകുന്ന ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നൽകുമെന്നും 2023-24 സാമ്പത്തിക വർഷത്തെ മദ്യനയത്തിൽ തീരുമാനം എടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിയ്ക്കുന്നതിന് , ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും നിബന്ധനകളും പാലിക്കേണ്ടതാണെന്നും, അസംസ്കൃത വസ്തുവായി അരി ഉപയോഗിക്കുമ്പോൾ ബ്രോക്കൻ റൈസ് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന നിബന്ധനയോടും കൂടി, M/s. ഒയാസിസ് കോമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പ്രാരംഭ അനുമതി നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. പൊതുഭരണ (എസ്.സി) വകുപ്പിന് (15.01.2025-ലെ ഇനം നമ്പർ 2618 പ്രകാരം)
3. വിവര പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
4. കരുതൽ ഫയൽ/കാര്യാലയ പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Premlal D
Date: 17-01-2025 10:30:40
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-01-2025

ഫയൽ നം. 32/ജി3/2024/നികുതി. ഇനം നം: 2618

വിഷയം : നികുതി വകുപ്പ് - M/s.ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡിന് വിദേശമദ്യചട്ട പ്രകാരം വിവിധ പ്ലാന്റുകൾ ആരംഭിയ്ക്കുന്നതിന് പ്രാരംഭാനുമതി നൽകുന്നത്.

തീരുമാനം : അസംസ്കൃത വസ്തുവായി അരി ഉപയോഗിക്കുമ്പോൾ ബ്രോക്കൺ റൈസ് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)** 2618

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | 32/ജി3/2024/നികുതി |
| 2. | വകുപ്പ് | : | നികുതി (ജി) വകുപ്പ് |
| 3. | വിഷയം | : | M/s ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡിന് വിദേശമദ്യചട്ട പ്രകാരം വിവിധ പ്ലാന്റുകൾ ആരംഭിക്കുന്നതിന് പ്രാരംഭാനുമതി നൽകുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിന് സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | | 08 -11-2024 |
| 5. (i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | ഇല്ല |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. പ്രമോദ് എം വി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04-12-2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07-01-2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.ബി.രാജേഷ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 09-01-2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 10-01-2025 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

M/s. Oasis Commercial Pvt. Ltd. എന്ന സ്ഥാപനത്തിന് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിയ്ക്കുന്നതിന് പ്രാരംഭാനുമതി നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. 600 കോടി രൂപ മുതൽ മുടക്കി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 500 KL പ്രൊഡക്ഷൻ കപ്പാസിറ്റിയുള്ള എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ഉൾപ്പെട്ട സംയോജിത യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി M/s. Oasis Commercial Pvt. Ltd. എന്ന സ്ഥാപനം സമർപ്പിച്ച അപേക്ഷ പ്രസ്തുത പദ്ധതിക്ക് പ്രാരംഭ അനുമതി നല്കുന്നതിന് ശുപാർശ ചെയ്ത് കൊണ്ട് എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയിരുന്നു.

3. പ്രസ്തുത പദ്ധതി ചുവടെ പറയുന്ന 4 ഘട്ടങ്ങളായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായാണ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

**ഒന്നാം ഘട്ടം**: ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ് (3 Automatic & 3 Semi Automatic Lines with 8 lakh Blending Capacity & 16 lakh ENA Storage Capacity).

**രണ്ടാം ഘട്ടം**: എഥനോൾ/ഇ.എൻ.എ. നിർമ്മാണ യൂണിറ്റ്. (500 KLPD, Power generation through Turbine, DDGS & CO2)

**മൂന്നാം ഘട്ടം**: മാൾട്ട് സ്പിരിറ്റ്/ബ്രാണ്ടി/വൈനറി പ്ലാന്റ്. (3 KLPD each)

**നാലാം ഘട്ടം**: ബ്രൂവറി (1 Million HLPA)

4. M/s. Oasis Commercial Pvt Ltd എന്ന സ്ഥാപനം അരി (ഉപയോഗ ശൂന്യമായത് ഉൾപ്പെടെ), ചോളം, വെജിറ്റബിൾ വേസ്റ്റ്, മരച്ചീനി സ്റ്റാർച്ച്, ഗോതമ്പ്, മധുരകിഴങ്ങ് എന്നീ

കാർഷിക വിളകൾ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ച് വർഷത്തിൽ 330 ദിവസവും പ്രവർത്തിക്കാൻ സാധിക്കുന്ന തരത്തിലുള്ള മൾട്ടി ഫീഡ് പ്ലാന്റ് ആണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്നും സ്ഥാപനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ അത് കേരളത്തിലെ കാർഷിക മേഖലയ്ക്ക് സഹായകരമാകുമെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. കഞ്ചിക്കോട് വ്യവസായ മേഖലയോട് ചേർന്ന് 24 ഏക്കർ ഭൂമി കമ്പനിയുടെ കൈവശമുണ്ടെന്നും, നിർദ്ദിഷ്ട എഥനോൾ/ഇ.എൻ.എ. ഡിസ്റ്റിലേഷൻ യൂണിറ്റ് സീറോ ഡിസ്ചാർജ് സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ളതാണെന്നും, പരിസ്ഥിതി മന്ത്രാലയം അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കുമെന്നും ഈ പ്രോജക്ടിന് ആവശ്യമായ വെള്ളം നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി അനുമതി നല്കിയിട്ടുണ്ടെന്നും, നിലവിലെ നിയമപ്രകാരം Rain Water Harvesting നടത്തി മഴവെള്ളം സംഭരിക്കാനുള്ള പദ്ധതിയും കമ്പനി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ജലത്തിന്റെ ചൂഷണം പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുമെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ രീതിയിലുള്ള മൾട്ടിഫീഡ് പ്രോജക്ട് തെക്കേ ഇന്ത്യയിലെ ആദ്യത്തെ സംരംഭമാണെന്നും, കേന്ദ്ര-സർക്കാരിന്റെ കീഴിലുള്ള ഓയിൽ കമ്പനികൾ വിളിച്ച ടെൻഡറിൽ എഥനോൾ ഉത്പാദനത്തിന് പരിചയ സമ്പന്നരായ സംരംഭകരുടെ ലിസ്റ്റിൽ M/s. Oasis Commercial Pvt Ltd മാത്രമാണ് ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുള്ളതെന്നും, ഇത് പോലുള്ള പ്രൊജക്ട് ഹരിയാന, പഞ്ചാബ്, രാജസ്ഥാൻ, മധ്യപ്രദേശ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ കഴിഞ്ഞ 20 വർഷമായി നടത്തി വിജയിപ്പിച്ച പരിചയ സമ്പന്നത, സാങ്കേതിക പ്രാവീണ്യം എന്നിവ കൊണ്ടാണ് ഒയാസിസ് ഗ്രൂപ്പിനെ ഓയിൽ കമ്പനികൾ കേരളത്തിലേക്ക് ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുള്ളതെന്നും, ടി സ്ഥാപനം പാലക്കാട് ജില്ലയിൽ സ്ഥാപിക്കുകയാണെങ്കിൽ അത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനും കാരണമാകുമെന്നും എക്സൈസ്

കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സംസ്ഥാനത്ത് മദ്യ ഉൽപ്പാദനത്തിന് ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ (ENA) കേരളത്തിൽത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുമെന്നും അതിന് തയ്യാറാകുന്ന ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നൽകുമെന്നും 2023-24 സാമ്പത്തിക വർഷത്തെ മദ്യനയത്തിൽ തീരുമാനം എടുത്തിരുന്നു.

7. ഈ വിഷയത്തിൽ നയപരമായ തീരുമാനത്തിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/ വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് M/s. Oasis Commercial Pvt. Ltd. എന്ന സ്ഥാപനത്തിന് ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും നിബന്ധനകളും പാലിക്കേണ്ടതാണെന്ന നിബന്ധനയോടു കൂടി പ്രാരംഭാനുമതി നല്കാവുന്നതാണോ ?